# സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസ്, കോഴിക്കോട്

**സിവിൽസ്റ്റേഷൻ, കോഴിക്കോട് – 673020, ഫോൺ : 0495 2370343**

E-mail : ecostatkzh@gmail.com

---

**അനക്സർ എച്ച്-4**

**നോട്ടീസ്**

ശ്രീമതി.ഫാത്തിമ റോസ്മിൻ.ബി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, കോഴിക്കോട് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും കെഎസ്ആർ പാർട്ട്-I, അനുബന്ധം XII സി പ്രകാരവും താങ്കൾക്കെതിരായി അച്ചടക്ക നടപടി എടുക്കാതിരിക്കുന്നതിന് കാരണം കാണിയ്ക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ, വിശദീകരണമോ സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് താങ്കളുടെ പേരിൽ ലഭ്യമായ പ്രാദേശിക വിലാസത്തിലും ഇ-മെയിൽ മുഖേനയും 24/05/2022-ന് (EB(2) 1409/2021/DSD, dated : 19/05/2022) കുറ്റാരോപണ മെമ്മോ അയച്ചുനൽകിയിരുന്നു. എന്നാൽ ആരോപണ പത്രിക മേൽവിലാസക്കാരി 'ഇന്ത്യയ്ക്ക് പുറത്താണ് **(Address Left India)**' എന്ന തപാൽ വകുപ്പിന്റെ റിമാർക്ക്സ് സഹിതം തിരികെ ലഭിച്ചിട്ടുണ്ട്. കൂടാതെ ആരോപണ പത്രിക ടിയാൾക്ക് ഇ-മെയിൽ മുഖേന അയച്ചുനൽകിയതിനും യാതൊരുവിധ മറുപടിയും ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനകം താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിയ്ക്കാത്ത പക്ഷം താങ്കൾക്കൊന്നും ബോധിപ്പിയ്ക്കാനില്ല എന്ന നിഗമനത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. കുറ്റാരോപണ മെമ്മോയുടെ പൂർണ്ണ രൂപം നിശ്ചിത കാലാവധിയ്ക്കു മുൻപ് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്നും നേരിട്ട് അപേക്ഷ നൽകി ഓഫീസ് പ്രവർത്തന സമയത്ത് ശേഖരിയ്ക്കുകയോ താങ്കളുടെ വിലാസത്തിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അയച്ചു തരുവാൻ അപേക്ഷിയ്ക്കുകയോ ചെയ്യാവുന്നതാണ്.

*ഡെപ്യൂട്ടി ഡയറക്ടർ*

*അച്ചടക്ക നടപടി സ്വീകരിയ്ക്കുന്ന അധികാരി*

രാജേഷ്.വി,
ഡെപ്യൂട്ടി ഡയറക്ടർ,
സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്,
ജില്ലാ ഓഫീസ്, സിവിൽസ്റ്റേഷൻ,
കോഴിക്കോട്- 673020

*സ്വീകർത്താവ്*

ശ്രീമതി.ഫാത്തിമ റോസ്മിൻ.ബി,
റിസ്റ്റ വില്ല, ആർഎം ഹോസ്പിറ്റലിന് എതിർവശം,
ബേപ്പൂർ, കോഴിക്കോട് - 673015

ജില്ലാ ഓഫീസ്
കോഴിക്കോട്-20